**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1966** **12-09-2023 - ൽ മറുപടിയ്ക്ക്**

**കെ. എസ്. ആർ. ടി. സി. യിലെ ടിക്കറ്റ് ഇതര വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കാൻ കെ. എസ്. ആർ. ടി. സി. എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | കെ.എസ്.ആർ.ടി.സിയുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും, ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുന്നതിലൂടെ ടിക്കറ്റിതര വരുമാനം ലഭിച്ച് വരുന്നു. കെ.എസ്.ആർ.ടി.സിയുടെ സർവീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസുകളെ സ്റ്റാളുകളാക്കി (Shop on wheels) മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും ആയത് പ്രാവർത്തികമാക്കിയതിലൂടെ വരുമാനം ലഭിച്ചു വരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി നിർമ്മിച്ചിട്ടുള്ള വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ പാട്ടക്കരാർ വ്യവസ്ഥയിലും, പ്രതിമാസ ലൈസൻസ് ഫീ അടിസ്ഥാനത്തിൽ നൽകുന്നതിലൂടേയും ടിക്കറ്റിതര വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. നിലവിൽ പണി പൂർത്തികരിച്ച വാണിജ്യ സമുച്ചയങ്ങളിൽ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹരിപ്പാട് ബസ് സ്റ്റേഷൻ വാണിജ്യ സമുച്ചയത്തിൽ കാനറാ ബാങ്കിന് സ്ഥലം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ നിലമ്പൂർ യൂണിറ്റ് വാണിജ്യ സമുച്ചയം ഒറ്റ യൂണിറ്റായി പരിഗണിച്ച് ടെണ്ടർ നടത്തി 30 വർഷത്തേയ്ക്ക് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി എല്ലാം ബസ് സ്റ്റേഷനുകളിലും ലൈസൻസി മുഖേന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, പബ്ലിക് അനൗൺസ്മെന്റ് സിസ്റ്റം, എ.ടി.എം എന്നിവ സ്ഥാപിക്കുന്നതിനോടൊപ്പം ഹോർഡിംഗ്സ് സ്ഥാപിച്ച് |

പരസ്യം നൽകിയ ഇനത്തിലും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതുതായി നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

കെ.എസ്.ആർ.ടി.സി.യുടെ അധീനതയിൽ വരുന്നതും National Highway യോടു ചേർന്നുള്ളതും കൂടാതെ വളരെ ജനതിരക്കേറിയ പട്ടണങ്ങളിൽ സ്ഥിതി ചെയ്യുന്നതുമായ കെ.എസ്.ആർ.ടി.സി.യൂണിറ്റുകളിലെ ഒഴിഞ്ഞ് കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ സമുച്ചയങ്ങൾ നിർമ്മിക്കുകയും അവ ആവശ്യക്കാർക്ക് വിവിധ കച്ചവട ആവശ്യങ്ങൾക്കും അനുവദിച്ച് നൽകിയും, വാണിജ്യ സമുച്ചയങ്ങളിൽ സൂപ്പർ മാർക്കറ്റ്, ആധുനിക സൗകര്യത്തോടു കൂടിയ റസ്റ്റോറന്റുകൾ , സിനിമാശാലകൾ, ജിംനേഷ്യം, മറ്റു അവശ്യ സാധനങ്ങൾ വിൽക്കുന്ന കച്ചവട സ്ഥാപനങ്ങൾ കൂടാതെ പൊതു ജനങ്ങൾ നിത്യേന നിരവധി ആവശ്യങ്ങൾക്കായി ആശ്രയിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ എന്നിവ പ്രസ്തുത കോംപ്ലക്സുകളിൽ സജീകരിച്ചാൽ ധാരാളം ആൾക്കാർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനുകളിൽ എത്തിച്ചേരുകയും അതുവഴി യാത്രാക്കൂലിയിനത്തിലും ടിക്കറ്റിതര വരുമാനമായും കോർപ്പറേഷന് നല്ല വരുമാനം ലഭിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി-യെ സംരംക്ഷിക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് പുതുതായി കൊമേഴ്സ്യൽ വിഭാഗം രൂപീകരിക്കുകയും ടി വിഭാഗത്തിലൂടെ ബസുകളിൽ പരസ്യം പതിപ്പിക്കൽ, ബസുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റു പൊതുമേഖല സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസുകൾ അനുവദിച്ചു നൽകൽ , യൂണിറ്റുകളിൽ ജനശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങൾ ഹോർഡിംഗ്സ്, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED display കൂടാതെ കൊറിയർ & പാഴ്സൽ സർവീസ് സംവിധാനം നടപ്പിലാക്കിയും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്തു വരുന്നു.

ടിക്കറ്റ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കു കൂടി പ്രയോജനപ്പെടുന്ന

രീതിയിൽ യാത്രാഫ്യുവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും കൂടാതെ, ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 14 യാത്രാ ഫ്യുവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും, ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു. കുറഞ്ഞ ചിലവിൽ വിനോദ സഞ്ചാരം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം ട്രിപ്പുകൾ നടത്തി വരുകയാണ്. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും ഏജൻസികളുമായും ബന്ധപ്പെട്ടാണ് ഏറ്റവും കൂടുതൽ ടൂർ പാക്കേജുകൾ കെ.എസ്.ആർ.ടി.സി നടപ്പാക്കി വരുന്നത്.

നിലവിൽ വനം വികസന കോർപറേഷൻ, ഡി.ടി.പി.സി, മറ്റ് സർക്കാർ ഏജൻസികൾ എന്നിവയുമായി സഹകരിച്ച് കേരളത്തിലെ ഭൂരിഭാഗം വിനോദസഞ്ചാര മേഖലകളിലേക്കും ബി.ടി.സി ടൂറിസം ട്രിപ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷന്റെ കൊച്ചിയിലെ സാഗര റാണി, ആഡംബര ക്രൂയിസായ നെഫെർറ്റിറ്റി എന്നിവയിലേക്ക് ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെ എത്തിച്ച രണ്ടാമത്തെ സെയിൽസ് ഏജന്റ് എന്ന അവാർഡും കെ.എസ്.ആർ.ടി.സി ബഡ്ജറ്റ് ടൂറിസം സെല്ലിന് ലഭിച്ചു.

കേരളത്തിലാദ്യമായി ഓപ്പൺ ഡെക്ക് ഡബിൾ ഡെക്കർ ബസിൽ സൈറ്റ് സീയിംഗ് തിരുവനന്തപുരം നഗരത്തിൽ നടത്തി വരുന്നു. വിനോദ സഞ്ചാരികളുടെ ആവശ്യ പ്രകാരം വയനാട് കേന്ദ്രീകരിച്ച് സൈറ്റ് സീയിംഗ് യാത്രകൾ പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് വൈവിധ്യമാർന്ന പദ്ധതികളാണ് ബഡ്ജറ്റ് ടൂറിസം സെൽ നടപ്പാക്കിവരുന്നത്. 2021 നവംബർ മുതൽ നാളിതുവരെയുള്ള പ്രവർത്തനത്തിലൂടെ 25 കോടി രൂപ സമാഹരിക്കാൻ സാധിച്ചു.

ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ഭാഗമായി തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കും, പിൽഗ്രിം ടൂറിസം കേന്ദ്രങ്ങളിലേക്കുമുള്ള യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള വകുപ്പുതല ചർച്ചകൾ പുരോഗമിച്ചുവരുന്നു. കാലതാമസം കൂടാതെ തന്നെ

| | | | |
|---|---|---|---|
| | | | കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്കുള്ള യാത്രകൾ ആരംഭി ക്കുവാൻ സാധിക്കും. കൂടാതെ, IRCTCയുമായി സഹകരിച്ച് ഓൾ ഇന്ത്യ ടൂർ പാക്കേജുകൾ ചെയ്യുന്നതിനായുള്ള കരാറിന്റെ നടപടികൾ അവസാന ഘട്ടത്തിലാണ്.<br><br>വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസം നൽകുക എന്ന ലക്ഷ്യത്തോടെ മൂന്നാർ, സുൽത്താൻ ബത്തേരി ഡിപ്പോകളുടെ മാതൃകയിൽ എ.സി സ്ലീപ്പർ ബസുകളും എ.സി ഡോർമിറ്ററികളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പതിനായിരത്തിലധികം പേർക്ക് ഒരു ദിവസം കുറഞ്ഞ ചെലവിലെ താമസ സൗകര്യം കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി ഡിപ്പോകളുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാരികളുടെയും മറ്റ് യാത്രക്കാരുടെയും സൗകര്യാർത്ഥം സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. "കെ.എസ് ആർ.ടി.സി ബഡ്ജറ്റ് സ്റ്റേ" എന്ന പേരിൽ കുറഞ്ഞ ചെലവിൽ താമസ സൗകര്യം ഒരുക്കുന്ന സ്വകാര്യ സംരഭകരുടെ ലോഡ്ജ്/ ഹോം സ്റ്റേ/ ഡോർമിറ്ററികളുമായി സഹകരിച്ച് പ്രവർത്തിക്കുന്ന പദ്ധതിക്കും അന്തിമ രൂപം നൽകി വരുന്നു.<br><br>"കെ.എസ്.ആർ.ടി.സി റിഫ്രഷ്" എന്ന പേരിൽ കേരളത്തിലുടനീളം കെ.എസ്.ആർ.ടി.സി. അംഗീകൃത ഹോട്ടൽ / റെസ്റ്റോറന്റ് ശൃംഖലകൾ വിനോദ സഞ്ചാരികൾക്കും യാത്രക്കാർക്കുമായി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തുടനീളം വിനോദ യാത്രകൾക്കിടയിലും സാധാരണ യാത്രയ്ക്കിടയിലും ഗുണമേന്മയുള്ള ഭക്ഷണം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഭക്ഷണം മുൻ കൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ സംവിധാനവും നടപ്പിൽ വരുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ